TAPAL
Date: 29/8/18
D(O) / E(SWM) D(

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ മാലിന്യ സംസ്കരണ മേഖലയ്ക്ക് നിർബന്ധമായി വകയിരുത്തിയിട്ടുള്ള തുക പുതിയ മാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് ഉപയോഗിക്കുന്നതോടൊപ്പം നിലവിലുള്ള പ്ലാന്റുകളുടെ ഓപ്പറേഷൻസ് ആൻഡ് മെയിന്റനൻസിനു കൂടി പ്രോജക്ട് ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.2139/2018/തസ്വഭവ തിരുവനന്തപുരം, തീയതി 03.08.2018

---

പരാമർശം :- 1) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04.06.2018 ലെ കുറിപ്പ്
2) 18.07.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 4.3

**<u>ഉത്തരവ്</u>**

2018-2019- ലെ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും പദ്ധതി രൂപീകരണ മാർഗ്ഗ നിർദ്ദേശ പ്രകാരം പഞ്ചായത്തുകളും നഗരസഭകളും തങ്ങളുടെ പൊതു വിഹിത ഫണ്ടിൽ നിന്നും യഥാക്രമം 10%, 15% എന്ന നിരക്കിൽ മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് മുൻഗണന നൽകി ഫണ്ട് നീക്കി വയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണ മേഖലയിൽ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതോടൊപ്പം തന്നെ അവയുടെ ഓപ്പറേഷൻസ് ആൻഡ് മെയിന്റനൻസ് കൃത്യമായി ചെയ്തില്ലെങ്കിൽ അവ ഭാവിയിൽ പ്രവർത്തന ക്ഷമമല്ലാതാകുകയും നിക്ഷേപം പ്രയോജന രഹിതമായി മാറുകയും ചെയ്യും. മേൽ പറഞ്ഞ പ്രകാരം നിർബന്ധിത വകയിരുത്തൽ നടത്തുന്ന തുകയിൽ നിന്നും ഒരു വിഹിതം നിലവിലെ പ്ലാന്റുകളുടെ ഓപ്പറേഷൻസ് ആൻഡ് മെയിന്റനൻസിനായി വകയിരുത്തുന്നതിനു അനുമതി നല്കാവുന്നതാണെന്ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന തല ഉപദേശക സമിതി യോഗം ശുപാർശ ചെയ്ത സാഹചര്യത്തിൽ ഇത് സംബന്ധിച്ച അനുമതി നല്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 1 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ മാലിന്യ സംസ്കരണ മേഖലയ്ക്ക് നിർബന്ധമായി വകയിരുത്തിയിട്ടുള്ള ഫണ്ട് പുതിയ മാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് ഉപയോഗിക്കുന്നതോടൊപ്പം നിലവിലുള്ള പ്ലാന്റുകളുടെ

ഓപ്പറേഷൻസ് ആൻഡ് മെയിന്റനൻസിനു കൂടി പ്രോജക്റ്റ് ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പരാമർശം 2 ന്റെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിസ്ഡു. എൽ**

**ഗവ.സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ നഗരസഭകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന )
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന )
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് , പ്ലാനിങ് ബോർഡ്, പട്ടം ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ